**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1529** **19-01-2021 - ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പോത്തൻകോട് പഞ്ചായത്തിൽ 2019-20 വർഷം കേരഗ്രാമം പദ്ധതി ഒന്നാംവർഷം നടപ്പിലാക്കി. 2020-21 വർഷം 2-ാം വർഷപദ്ധതികളും നടപ്പിലാക്കിവരുന്നു. |
| (ബി) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങു കൃഷിയുടെ അഭിവൃദ്ധിയ്ക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. 2019-20 വർഷം ചുവടെ ചേർക്കുംവിധം പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കി. കൂടാതെ 2020-21 വർഷം സംയോജിത കൃഷിപരിപാലനത്തിനും, കേരസമിതി പ്രവർത്തനങ്ങൾക്കുള്ള സഹായവുമായി 19.73727 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിൽ 17.7 ലക്ഷം രൂപ ചിലവഴിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | പ്രവർത്തന ഘടകം | തെങ്ങിന്റെ എണ്ണം /വിസ്തൃതി | അനുവദിച്ച ആനുകൂല്യം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | തടം തുറക്കൽ | 1145 എണ്ണം | 4.0085 |
| 2 | സംയോജിത വളപ്രയോഗം | 48805 എണ്ണം | 7.48 |
| 3 | തെങ്ങ് മുറിച്ചുമാറ്റൽ | 1825 എണ്ണം | 18.16 |
| 4 | ഇടവിളകൃഷി | 250 ഹെക്ടർ | 7.5 |
| 5 | തെങ്ങ് മുറിച്ച് പകരം തൈ നൽകൽ | 1750 എണ്ണം | 0.875 |
| 6 | ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ<br>a) കിണർ<br>b) പമ്പ്സെറ്റ് | <br><br>10 എണ്ണം<br>57 എണ്ണം | <br><br>1<br>3.7 |
| 7 | തെങ്ങ് കയറ്റയന്ത്രം | 111 എണ്ണം | 2.2 |
| 8 | ജൈവവള നിർമ്മാണ യൂണിറ്റ് | 1 എണ്ണം | 0.1 |
| 9 | കൃഷിഭവൻ പ്രവർത്തനസഹായം | 1 എണ്ണം | 0.15 |
| 10 | പഞ്ചായത്തുതല കേരസമിതികൾക്കുള്ള ആനുകൂല്യം | | 5 |